# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി.അനുപമ IAS, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ് - മലപ്പുറം തവനൂർ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് - പുതിയ കെട്ടിടത്തിൽ വാട്ടർ കണക്ഷൻ ടുക്കുന്നതിന് പ്ലബിംഗ് ജോലികൾക്കായി ചെലവായ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: മലപ്പുറം തവനൂർ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 02/05/2021-ലെ കത്ത് നമ്പർ GCHT 13/2021.

## ഉത്തരവ് നമ്പർ : ICPS 2/1210/2021 തീയതി : 27/03/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലപ്പുറം തവനൂർ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനു മുൻപായി നിലവിൽ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ നിന്ന് വാട്ടർ കണക്ഷൻ മാറ്റി കൊടുക്കുന്നതിനായി പ്ലംബിംഗ് സാധനങ്ങൾ വാങ്ങിയ വകയിൽ 14,014/-രൂപയും പണിക്കൂലി ഇനത്തിൽ 6,500/-രൂപയും ചേർത്ത് ആകെ 20,514/-രൂപ അനുവദിക്കണമെന്ന് സ്ഥാപന മാനേജ്മെന്റ് കമ്മിറ്റിയുടെ ശിപാർശ സഹിതം ബില്ലുകളുടെ പകർപ്പ് ഉൾപ്പടെ സ്ഥാപന സൂപ്രണ്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് മലപ്പുറം തവനൂർ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ പുതിയ കെട്ടിടത്തിൽ വാട്ടർ കണക്ഷൻ മാറ്റി കൊടുക്കുന്നതിനായി പ്ലംബിംഗ് സാധനങ്ങൾ വാങ്ങിയ വകയിൽ 14,014/-രൂപയും പണിക്കൂലി ഇനത്തിൽ 6,500/-രൂപയും ചേർത്ത് ആകെ 20,514/-രൂപ (ഇരുപതിനായിരത്തി അഞ്ചൂറ്റി പതിനാല് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (20,514/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഇനത്തിൽ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61(P)34 OC-ൽ (സ്വച്ഛതാ ആക്ഷൻ പ്ലാൻ ഇനത്തിൽ) നിന്നും മലപ്പുറം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. ജില്ലാ വനിതാ

ശിശു വികസന ഓഫീസർ ടി തുക മലപ്പുറം തവനൂർ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. ടി തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത് എന്നിവ സ്ഥാപന സൂപ്രണ്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
മലപ്പുറം

<u>പകർപ്പ്</u>

1) സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
തവനൂർ ,മലപ്പുറം
2) സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
(അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3) ജില്ലാ ശിശു സംരക്ഷണ ഓഫീസർ
മലപ്പുറം (അറിവിലേയ്ക്കായി)
4) ഐ.സി.പി.എസ്-4
(എക്സ്പെൻഡിച്ചർ രജിസ്റ്ററിൽ
ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
5) സ്റ്റോക്ക് ഫയൽ
6) സ്പെയർ കോപ്പി
7) വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്